പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2661 — 19.07.2011 ൽ മറുപടിക്ക്

## ഏകീകൃത തിരിച്ചറിയൽ കാർഡ് സമ്പ്രദായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഏകീകൃത തിരിച്ചറിയൽ കാർഡ് (യു.ഐ.ഡി) സമ്പ്രദായം നടപ്പിൽ വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ; | (ബി) 31.03.2012 ന് മുമ്പായി യു.ഐ.ഡി എൻറോൾമെന്റ് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാന രജിസ്ട്രാറിന് കീഴിൽ അക്ഷയ, കെൽട്രോൺ, ഐ.ടി @ സ്കൂൾ പ്രോജക്ട് എന്നീ മൂന്ന് എൻറോൾമെന്റ് ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനുള്ള നോഡൽ ഏജൻസി കേരള സ്റ്റേറ്റ് ഐ.ടി. മിഷനാണ്. മൂന്ന് എൻറോൾമെന്റ് ഏജൻസികൾക്കും വർക്ക് ഓർഡർ നൽകി. അക്ഷയ വഴി ജില്ലാതലത്തിൽ ബോധവൽക്കരണ ശില്പശാലകൾ സംഘടിപ്പിക്കുകയും എൻറോൾമെന്റിനു വേണ്ടി വിവിധ ജില്ലകളിൽ ബയോമെട്രിക് ഉപകരണങ്ങളും ഐറിസ് സ്കാനറും ലാപ് ടോപ്പും അടങ്ങിയ 60 കിറ്റുകൾ വാങ്ങുകയും ചെയ്തു. കെൽട്രോണും അക്ഷയയും യു.ഐ.ഡി എൻറോൾമെന്റ് തുടങ്ങുകയും ചെയ്തു. നിലവിൽ ആലപ്പുഴ, തിരുവനന്തപുരം, മലപ്പുറം, പത്തനംതിട്ട എന്നീ ജില്ലകളിലാണ് എൻറോൾമെന്റ് നടക്കുന്നത്. ഇതുവരെ 53,000 ത്തോളം പേരുടെ യു.ഐ.ഡി എൻറോൾമെന്റ് കഴിഞ്ഞു. ഉടൻ തന്നെ മറ്റ് ജില്ലകളിലും ഇതിന്റെ പ്രവർത്തനങ്ങൾ ഊർജിതമായി തുടങ്ങുന്നതാണ്. |
| (സി) ഈ തിരിച്ചറിയൽ കാർഡ് പദ്ധതി നടപ്പിലാക്കുന്നതിനായി പ്രത്യേക തസ്തികകളും, ഓഫീസ് സംവിധാനവും ഏർപ്പെടുത്തുന്നുണ്ടോ; | (സി) 2012 ഏപ്രിൽ മാസം വരെ കാലാവധിയുള്ള 31 താൽക്കാലിക തസ്തികകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ ഓഫീസാണ് ഇതിനായി പ്രവർത്തിക്കുന്നത്. കൂടാതെ ലഭ്യമാകുന്ന ഡേറ്റാ ശേഖരിക്കാൻ സ്റ്റേറ്റ് ഡേറ്റാ സെന്ററിനെ ഉപയോഗിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഏതെല്ലാം തസ്തികകളും എന്തെല്ലാം ഓഫീസ് സംവിധാനങ്ങളുമാണ് ഏർപ്പെടുത്തുന്നതെന്ന് വെളിപ്പെടുത്താമോ; | (ഡി) | പ്രോജക്ട് മാനേജർ - 1<br>ടെക്നോളജി മാനേജർ - 1<br>ഐ.ഇ.സി. മാനേജർ - 1<br>ഇംപ്ലിമെന്റേഷൻ മാനേജർ - 1<br>റീജിയണൽ മാനേജർ - 3<br>ജില്ലാ കോ-ഓർഡിനേറ്റർ - 14<br>സോഫ്റ്റ് വെയർ ഡെവലപ് മെന്റ് ആന്റ് ഡേറ്റാ ബേസ് മാനേജ്മെന്റ് ടീം - 10 |
| (ഇ) | ഈ തിരിച്ചറിയൽ കാർഡ് വിതരണത്തിനായി ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഏജൻസികളാണെന്ന് വിശദമാക്കുമോ? | (ഇ) | യു.ഐ.ഡി.ഐ, അഖിലേന്ത്യാ തലത്തിൽ ഇന്ത്യൻ പോസ്റ്റൽ സർവ്വീസിനെയാണ് യു.ഐ.ഡി. വിതരണത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ